**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231** **10-03-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിന്‍<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വേനൽ കനത്തതോടെ സംസ്ഥാനത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായ വിഷയം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | വേനൽ കനത്തതോടെ കുടിവെള്ളക്ഷാമം രൂക്ഷമായ വിഷയം വാട്ടർ അതോറിറ്റി പരിശോധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെയും മറ്റും സഹകരണത്തോടെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളെ പ്രത്യേകമായി കണ്ടെത്തി പ്രസ്തുത പ്രദേശങ്ങൾക്കുള്ള കർമ്മപദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ വാൽവ് നിയന്ത്രണം വഴിയും, ടാങ്കർ ലോറിയിലൂടെയും കുടിവെള്ളം എത്തിച്ച് ജലക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവർത്തനം വേനൽക്കാലത്ത് വാട്ടർ അതോറിറ്റി നടത്തിവരുന്നു. പ്രസ്തുത പ്രദേശങ്ങളിലെ പരാതി സ്വീകരിക്കുന്നതിനായി പ്രവർത്തിക്കുന്ന കൺട്രോൾ റൂമും വേനൽക്കാലത്തോടനുബന്ധിച്ച് ആരംഭിക്കുന്നുണ്ട്. ടാങ്കറുകൾ മുഖേന പൊതുജനങ്ങൾക്കും കിയോസ്കുകളിലേക്കും ശുദ്ധജലം എത്തിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജലശുദ്ധീകരണശാലകളിലും വെന്റിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ഇറിഗേഷൻ, കെ.എസ്.ഇ.ബി വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് ജലക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലശുദ്ധീകരണശാലകളിലേക്കുള്ള ജല ലഭ്യത ഉറപ്പുവരുത്തുന്നു.<br><br>പൊതുമരാമത്ത്, കെ. ആർ.എഫ്. ബി. കെ. എസ്. ടി. പി. വകുപ്പുകളും ആയി യോജിച്ചുകൊണ്ട് റണ്ണിങ് കോൺട്രാക്ട്, ബ്ലൂ ബ്രിഗേഡ് സംവിധാനം എന്നിവ മുഖാന്തരം റോഡിൽ ഉണ്ടാകുന്ന ലീക്കുകൾ |

| | | | |
|---|---|---|---|
| | | | യഥാസമയം പരിഹരിച്ചു വരുന്നു. കൂടാതെ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി പമ്പ് സെറ്റുകളുടെയും മറ്റും അറ്റകുറ്റപ്പണികളും യഥാസമയം നടത്തിവരുന്നു.<br><br>ശുദ്ധജല ദുർവിനിയോഗം തടയുന്നതിനായി മൈക്ക് അനൗൺസ്മെന്റ്, ലഘുലേഖകൾ സാമൂഹിക മാധ്യമങ്ങൾ മുഖേന ബോധവൽക്കരണവും നടത്തിവരുന്നു. കൂടാതെ ജലദുരുപയോഗം, മോഷണം എന്നിവ തടയുന്നതിനായി ആന്റി തെഫ്റ്റ് സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | നിലവിലെ കുടിവെള്ള വിതരണ പദ്ധതി ശക്തിപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ? | (സി) | നിലവിലെ കുടിവെള്ള വിതരണ പദ്ധതി ശക്തിപ്പെടുത്തുന്നതിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പഴയതും കാലഹരണപ്പെട്ടതുമായ പൈപ്പ് ലൈനുകളെ മാറ്റുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നു. കൂടാതെ ജൽ ജീവൻ മിഷൻ, നബാർഡ്, അമൃത്, സ്റ്റേറ്റ് പ്ലാൻ ഡെപ്പോസിറ്റ്, കിഫ്ബി തുടങ്ങിയ പദ്ധതികളിലൂടെ പൈപ്പ് ലൈൻ ശൃംഖല എത്താത്ത ഇടങ്ങളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചു വരുന്നു. ഇതേ പദ്ധതികളിൽ ഉൾപ്പെടുത്തി സാധ്യമായ സ്ഥലങ്ങളിൽ ജലശുദ്ധീകരണശാലകളും മറ്റും സ്ഥാപിക്കുന്ന പ്രവർത്തിയും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ